I/102592/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തീയതി : 02-12-2023

**<u>സർക്കുലർ</u>**

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരുടെയും ഡിസ്ട്രികറ്റ് ക്വാളിറ്റി മോണിറ്റർമാരുടെയും ഫീൽഡ് പരിശോധന – സംബന്ധിച്ച്.

സൂചന: 1. ഈ ഓഫീസിലെ 27/09/2023 തീയതിയിലെ NREGA/310/2022-E3 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ജില്ലകളിൽ നിന്നും ഡിസ്ട്രിക്റ്റ് ക്വാളിറ്റി മോണിട്ടർ മാരുടെയും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർ മാരുടെയും പ്രവർത്തന റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചില ജില്ലകളിൽ നിന്നും കൃത്യമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. SQM, DQM എന്ന സംവിധാനത്തെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിൽ നിന്നും ഉണ്ടാകുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഈ സാഹചര്യത്തിൽ SQM, DQM പരിശോധന കാര്യക്ഷമം ആകുന്നതിനായി SQM, DQM പരിശോധനകൾക്കുള്ള പ്രവൃത്തികൾ തിരഞ്ഞെടുത്തത് നൽകുന്നതിനുള്ള ഉത്തരവാദിത്തം ജെപിസി മാരുടെ മേൽനോട്ടത്തിൽ ജില്ലാ എഞ്ചിനീർമാർ നിർവഹിക്കേണ്ടതാണ്. എല്ലാ മാസവും SQM, DQM പരിശോധന നടത്തുന്നതിനായി നിശ്ചിത പ്രവൃത്തികൾ തിരഞ്ഞെടുത്ത് SQM, DQM മാർക്ക് നൽകേണ്ടതും, ആയതിന്റെ പകർപ്പ് സ്റ്റേറ്റ് എഞ്ചിനീയർക്ക് നൽകേണ്ടതും ആണ്. DQM,SQM ന പ്രവർത്തികൾ തിരഞ്ഞെടുത്ത് നൽകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

JPC തിരഞ്ഞെടുത്ത് ചുമതലപ്പെടുത്താത്ത പ്രവൃത്തികൾ SQM, DQM എന്നിവർ പരിശോധിക്കേണ്ടതില്ല. SQM, DQM മാർക്ക് ഏതെങ്കിലും പ്രത്യേകം പ്രവൃത്തി പരിശോധിക്കേണ്ടതുണ്ടെങ്കിൽ JPC മാരുടെ രേഖാമൂലമുള്ള അനുമതി വാങ്ങിയ ശേഷം മാത്രമേ അത്തരം പ്രവൃത്തികൾ പരിശോധിക്കേണ്ടതുള്ളു.

SQM മാർക്ക് സംസ്ഥാനതലത്തിൽ നിന്നും പരിശോധന നടത്തേണ്ട പ്രവൃത്തികൾ തിരഞ്ഞെടുത്ത് നൽകേണ്ട ചുമതല സ്റ്റേറ്റ് എഞ്ചിനീയർക്ക് ആണ്. സംസ്ഥാന തലത്തിൽ നിന്നും നൽകുന്ന പ്രവൃത്തികളുടെ പരിശോധന റിപ്പോർട്ട് സ്റ്റേറ്റ് എഞ്ചിനീയർ മുഖേനെ മിഷൻ ഡയറക്ടർക്ക് സമർപ്പിച്ചാൽ മതിയാകും.

ജില്ലകളിൽ നിന്ന് ഓരോ മാസത്തേയും കൃത്യമായ പ്രവർത്തന റിപ്പോർട്ട് അതിന്റെ അടുത്ത മാസം പത്താം തീയതിക്ക് മുമ്പ് തന്നെ സംസ്ഥാന മിഷനിലേക്ക് സമർപ്പിക്കേണ്ടതാണ്.

Signed by
Nizamudeen A I A S
Date: 02-12-2023 17:08:35
MISSION DIRECTOR

1. എല്ലാ JPC മാർക്കും
2. എല്ലാ ജില്ലാ എഞ്ചിനീയർ മാർക്കും

I/102592/2023

3. എല്ലാ SQM, DQM മാർക്കും
4.സ്റ്റേറ്റ് എഞ്ചിനീയർ
5.സ്റ്റേറ്റ് ITP (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)